24-03-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/03/2022.

1. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 ഡബ്ല്യു സി റ്റി (WCT) തെങ്ങിൻ തൈകൾ തൈ ഒന്നിന് 110 രൂപ നിരക്കിൽ വില്പനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487–2370540, 2371340** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

2. കാസർഗോഡ് ജില്ലാ ക്ഷീരകർഷക സംഗമത്തിന്റെ ഉദ്ഘാടനം കാലിക്കടവ് ശ്രീ കക്കൈക്കാവ് ഭഗവതീക്ഷേത്രം ഓഡിറ്റോറിയത്തിൽ വച്ച് ഇന്ന് (മാർച്ച് 24) രാവിലെ 10.30 മണിക്ക് തൃക്കരിപ്പൂർ എം.എൽ.എ എം. രാജഗോപാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ക്ഷീര സംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ഡയറി എക്സിബിഷൻ, സെമിനാറുകൾ, ക്ഷീര കർഷകരെ ആദരിക്കൽ, പൊതുസമ്മേളനം തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800–425–1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരും കാർഷിക മേഖലകളിൽ യോഗ്യതയും ഉള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽ പ്രോജക്ട് കൺസൽട്ടന്റ്മാരെ എംപാനൽമെന്റ് ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **ഏപ്രിൽ 8** ആണ്. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471–2471343/2471344** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി യുഎൽഎഫ് (ULF) ആന്റ് എഫ്ആർഡിഎസ് (FRDS) ന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം ദൈർഘ്യമുള്ള സ്റ്റൈപെന്റോടു കൂടിയ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന പരിപാടിയായ ഫോഡർ ക്രോപ്പ് ഡെവലപ്പ്മെന്റ് ആർമിയിലേക്കുള്ള നേരിട്ടുള്ള അഭിമുഖം നാളെ (മാർച്ച് 25) രാവിലെ 9 മണിക്ക് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0487-2370302** എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

6. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ 10 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (മാർച്ച് 24 ന്) രാവിലെ 11 മണിക്ക് **ലാഭം ചുരത്തും പ്രജനനം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

8. പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രം നാളെ (മാർച്ച് 25-ന്) ജൈവകൃഷിയിൽ പരിശീലനവും ഫാം സന്ദർശനവും സംഘടിപ്പിക്കുന്നു. കുടുതൽ വിവരങ്ങൾക്ക് **6282937809** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. തിരുവനന്തപുരം പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (മാർച്ച് 24) രാവിലെ 10 മണിക്ക് പെറ്റ്ഷോപ്പ് ഉടമകൾക്കും ഡോഗ് ബ്രീഡേഴ്സിനുമായി **പെറ്റ് ഷോപ്പ് നിയമങ്ങളും നായ്ക്കളുടെ പ്രജനന നിയമങ്ങളും** എന്ന വിഷയത്തിൽ തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് ബോധവത്ക്കരണ പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446550144** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനടീലിൽ പരിശീലനം നടത്തുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 28-നാണ് പരിശീലനം. റബ്ബർനടീൽ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവ ഉൾപെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127**

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന എ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

11. ചീരയിലെ ഇലപ്പുള്ളിയും ഇലകരിച്ചിലും തടയാനായി ചുവന്ന ചീരയും പച്ചചീരയും ഇടകലർത്തി നടുക. **ട്രൈക്കോഡെർമ** അല്ലെങ്കിൽ **സ്യൂഡോമോണാസ്** ഇവയിലേതെങ്കിലുമുപയോഗിച്ച് വിത്ത് പരിചരണം നടത്തുക. വീശി ഒഴിക്കാതെ ചുവട്ടിൽ മാത്രം വെള്ളം ഒഴിക്കുക. രോഗം കണ്ടു തുടങ്ങുമ്പോൾ തന്നെ ഒരു ലിറ്റർ വെള്ളത്തിൽ സ്യൂഡോമോണാസ് 20 ഗ്രാമും പച്ച ചാണകം 20 ഗ്രാമും കലക്കി അതിന്റെ തെളി എടുത്തു തളിക്കുക. ഒരു ഗ്രാം സോഡാപ്പൊടിയും 5 ഗ്രാം മഞ്ഞപ്പൊടിയും ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 7 മുതൽ 8 ദിവസം ഇടവിട്ട് ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

12. പ്രതിരോധശേഷി കുറയാൻ സാധ്യതയുള്ളതിനാൽ വേനൽക്കാലം തുടങ്ങുന്നതിനു മുമ്പേ കന്നുകാലികൾക്ക് പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ കുത്തിവെയ്പുകളും വിരമരുന്നുകളും വിദഗ്ധോപദേശ പ്രകാരം നൽകേണ്ടതാണ്. പ്രതിരോധ കുത്തിവെയ്പുകൾ ആവുന്നത്ര രാവിലെയോ, വൈകുന്നേരങ്ങളിലോ നൽകുവാൻ ശ്രമിക്കുക. പനിയുണ്ടെങ്കിൽ തൊഴുത്തിലോ തണലുള്ളിടത്തോ പനി മാറുന്നതുവരെ വിശ്രമിക്കുവാനുള്ള സൗകര്യം നൽകണം. തൊലിപ്പുറമേയുള്ള പരാദങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, തീറ്റയെടുക്കുന്നതിനുള്ള മടി, മൂത്രത്തിലെ തവിട്ട് നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ സേവനം തേടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം